പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 634 | 13-10-2026-ൽ മറുപടിയ്ക്ക്

**<u>ഒല്ലൂർ മണ്ഡലത്തിലെ എക്സൈസ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ | ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ഒല്ലൂർ നിയോജകമണ്ഡലത്തിലെ ജനസംഖ്യയും പ്രദേശവ്യാപ്തിയും പരിഗണിച്ച് എക്സൈസ് വകുപ്പിന്റെ പരിശോധനാ-എൻഫോഴ്സ്മെന്റ് സംവിധാനം പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. ഒല്ലൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ തൃശ്ശൂർ ജില്ലയിൽ നിലവിൽ തൃശ്ശൂർ സർക്കിൾ ഓഫീസ്, തൃശ്ശൂർ റേഞ്ച് ഓഫീസ്, ചേർപ്പ് റേഞ്ച് ഓഫീസ് എന്നീ എക്സൈസ് ഓഫീസുകളാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ, ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയും വിസ്തൃതിയും പരിഗണിക്കുമ്പോൾ, പ്രത്യേകിച്ച് മലയോര മേഖലകളായ പീച്ചി, പാണഞ്ചേരി, മാന്ദമംഗലം വില്ലേജുകളുടെ വിസ്തൃതിയും അവിടങ്ങളിലെ എൻഫോഴ്സ്മെന്റ് ആവശ്യകതയും കണക്കിലെടുത്ത്, കൂടുതൽ കാര്യക്ഷമമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി അധികമായി പുതിയ എക്സൈസ് ഓഫീസുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതാണ്.

**(ബി)** മണ്ഡലത്തിലെ എക്സൈസ് ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ, നിലവിലുള്ള ജീവനക്കാർ, വാഹനങ്ങളുടെ എണ്ണം, ഒഴിവുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>**

| ക്ര.നം | ഓഫീസ് | അനുവദിച്ച തസ്തികകൾ | നിലവിൽ ഉള്ളത് | വാഹനങ്ങൾ | ഒഴിവുകൾ |
|---|---|---|---|---|---|
| 1 | എക്സൈസ് സർക്കിൾ ഓഫീസ്, തൃശ്ശൂർ | സർക്കിൾ ഇൻസ്പെക്ടർ-01, എക്സൈസ് ഇൻസ്പെക്ടർ-01, പ്രിവന്റീവ് ഓഫീസർ-02, സിവിൽ എക്സൈസ് ഓഫീസർ-05, | സർക്കിൾ ഇൻസ്പെക്ടർ-01, എക്സൈസ് ഇൻസ്പെക്ടർ-01, പ്രിവന്റീവ് ഓഫീസർ-02, സിവിൽ എക്സൈസ് ഓഫീസർ-05, | ആകെ-03 ടു വീലർ -02 ജീപ്പ്-01 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | വനിതാ സിവിൽ എക്സൈസ് ഓഫീസർ-01,<br>സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ-01 | വനിതാ സിവിൽ എക്സൈസ് ഓഫീസർ-01,<br>സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ-01 | | |
| 2 | എക്സൈസ് റേഞ്ച് ഓഫീസ്, തൃശ്ശൂർ | എക്സൈസ് ഇൻസ്പെക്ടർ-01,<br>അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ-01,<br>പ്രിവന്റീവ് ഓഫീസർ-04,<br>സിവിൽ എക്സൈസ് ഓഫീസർ-13,<br>വനിതാ സിവിൽ എക്സൈസ് ഓഫീസർ-04,<br>സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ-01 | എക്സൈസ് ഇൻസ്പെക്ടർ-01,<br>അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ-01,<br>പ്രിവന്റീവ് ഓഫീസർ-04,<br>സിവിൽ എക്സൈസ് ഓഫീസർ-13,<br>വനിതാ സിവിൽ എക്സൈസ് ഓഫീസർ-04,<br>സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ-01 | ആകെ-03<br>ടു വീലർ -02<br>ജീപ്പ്-01 | ഇല്ല |
| 3 | എക്സൈസ് റേഞ്ച് ഓഫീസ്, ചേർപ്പ് | എക്സൈസ് ഇൻസ്പെക്ടർ-01,<br>പ്രിവന്റീവ് ഓഫീസർ-03,<br>സിവിൽ എക്സൈസ് ഓഫീസർ-11,<br>വനിതാ സിവിൽ എക്സൈസ് ഓഫീസർ-03,<br>സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ-01 | എക്സൈസ് ഇൻസ്പെക്ടർ-01,<br>പ്രിവന്റീവ് ഓഫീസർ-03,<br>സിവിൽ എക്സൈസ് ഓഫീസർ-10,<br>വനിതാ സിവിൽ എക്സൈസ് ഓഫീസർ-02,<br>സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ-01 | ആകെ-03<br>ടു വീലർ -02<br>ജീപ്പ്-01 | സിവിൽ എക്സൈസ് ഓഫീസർ-01,<br>വനിതാ സിവിൽ എക്സൈസ് ഓഫീസർ-01 |

**(സി)** ലഹരി വിരുദ്ധ പരിശോധനകൾ, അനധികൃത മദ്യവിൽപ്പന തടയൽ, അബ്കാരി കേസുകൾ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ജീവനക്കാരുടെ അപര്യാപ്തത തടസ്സമാകുന്നുണ്ടോ;

**മറുപടി:** ലഹരി വിരുദ്ധ പരിശോധനകൾ, അനധികൃത മദ്യവിൽപ്പന തടയൽ, അബ്കാരി കേസുകളുടെ കണ്ടെത്തൽ എന്നിവ നിലവിലുള്ള ജീവനക്കാരെ പരമാവധി പ്രയോജനപ്പെടുത്തി കാര്യക്ഷമമായും ഫലപ്രദമായും നടത്തിവരുന്നു.

**(ഡി)** ഉണ്ടെങ്കിൽ എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് അധിക ജീവനക്കാരെയും വാഹനങ്ങളും അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** ലഹരി വിരുദ്ധ പരിശോധനകൾ, അനധികൃത മദ്യവിൽപ്പന തടയൽ, അബ്കാരി കേസുകളുടെ കണ്ടെത്തൽ എന്നിവ നിലവിലുള്ള ജീവനക്കാരെ പരമാവധി പ്രയോജനപ്പെടുത്തി കാര്യക്ഷമമായും ഫലപ്രദമായും നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**